**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1721** **28-07-2021 - ൽ മറുപടിയ്ക്ക്**

**കഞ്ചാവ് മാഫിയകളെ പ്രതിരോധിക്കാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ നഗരകേന്ദ്രീകൃതമായി കഞ്ചാവ് മാഫിയ പിടിമുറുക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പ്രതിരോധിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഇല്ല. എന്നാൽ കണ്ടെടുക്കുന്ന കേസുകളുടെ എണ്ണവും, പിടിച്ചെടുക്കുന്ന ലഹരി വസ്തുക്കളുടെ അളവും പരിശോധിച്ചാൽ കേരളത്തിൽ ലഹരി ഉപയോഗം മുൻകാലങ്ങളെ അപേക്ഷിച്ച് കൂടുന്നതായി കാണുന്നു. കേരളത്തിലെ പ്രധാന നഗരങ്ങളിൽ കഞ്ചാവ് കേസുകൾ കണ്ടെടുക്കുന്നതിനും വാഹന പരിശോധന ശക്തിപ്പെടുത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടുതൽ എൻ.ഡി.പി.എസ്. കേസുകൾ കണ്ടെടുത്ത് നടപടികൾ സ്വീകരിച്ചു വരുന്നു. വിദ്യാലയങ്ങൾ കേന്ദ്രീകരിച്ചും യുവാക്കൾക്കിടയിലും ബോധവത്ക്കരണം നടത്തുന്നതിന് വിമുക്തി മിഷന്റെ ആഭിമുഖ്യത്തിൽ പ്രവർത്തനങ്ങൾ നടത്തിവരുന്നു. |
| (ബി) | തലസ്ഥാന നഗരം കഞ്ചാവിന്റെ ഹബ്ബ് ആയി മാറിയിരിക്കുന്നുവെന്ന മാധ്യമ റിപ്പോർട്ടുകളുടെ നിജസ്ഥിതി വെളിപ്പെടുത്തുമോ; | (ബി) | തലസ്ഥാന നഗരം കഞ്ചാവിന്റെ ഹബ്ബ് ആയി മാറുന്നു എന്നത് വസ്തുതാവിരുദ്ധമാണ്. |
| (സി) | നഗരങ്ങളിൽ വൻതോതിൽ കഞ്ചാവ് ഇറക്കുമതി ചെയ്ത് വികേന്ദ്രീകൃതമായി വിറ്റഴിക്കുന്നത് തടയാൻ കഴിയാത്തത് എക്സൈസ് സംവിധാനം വേണ്ടത്ര ശക്തമല്ലാത്തതിനാലാണെന്ന ആക്ഷേപം ഉയർന്നിട്ടുള്ളതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സംവിധാനം കൂടുതൽ കാര്യക്ഷമമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ; | (സി) | ഇല്ല. നഗരങ്ങളിൽ കഞ്ചാവ് ഇറക്കുമതി ചെയ്ത് വികേന്ദ്രീകൃതമായി വിറ്റഴിക്കുന്നത് തടയുന്നതിനായി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തി വരുന്നു. |
| (ഡി) | ആന്ധ്ര, കർണാടക എന്നിവടങ്ങളിൽ നിന്നും കേരളത്തിലേക്ക് കഞ്ചാവ് എത്തുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ എക്സൈസ് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനത്തെക്കുറിച്ച് അവലോകനം നടത്തിയിട്ടുണ്ടോ എന്നും ചെക്ക് | (ഡി) | ചെക്ക് പോസ്റ്റുകൾ സുതാര്യമാക്കുന്നതിലേക്കായി തിരക്കേറിയ 14 ചെക്ക് പോസ്റ്റുകളിൽ സി.സി.ടി.വി. സംവിധാനം ഏർപ്പെടുത്തുകയും പ്രധാനപ്പെട്ട 20 ചെക്ക് പോസ്റ്റുകളിൽ ഇരുചക്ര വാഹനങ്ങൾ വിതരണം ചെയ്യുകയും, ഇൻവെർട്ടർ സംവിധാനം, സോളാർ ലൈറ്റുകൾ എന്നിവ സ്ഥാപിക്കുകയും |

| | | | |
|---|---|---|---|
| | പോസ്റ്റുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ? | | ചെയ്തിട്ടുണ്ട്. എക്സൈസ് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും യഥാസമയങ്ങളിൽ പരിശോധന നടത്തുന്നതിനും ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ